**May: 06**

# KGBEU OU ബുള്ളറ്റിൻ 21/2022

സഖാക്കളെ,

## വിഷയം: ലോക്കർ സർവീസ് ചാർജ്

ലോക്കർ ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണയായി സർവീസ് ചാർജ് പിടിച്ചിരിക്കുകയാണ്. നമ്മുടെ ബാങ്കിൽ മാത്രമാണ് ഇങ്ങനെ ഒരു ചാർജ് ഈടാക്കിയിരിക്കുന്നത്. ഇത് ജീവനക്കാരിൽ നിന്നുൾപ്പെടെ പിടിക്കാനായിരുന്നു തീരുമാനമെങ്കിലും സംഘടനയുടെ ശക്തമായ പ്രതിഷേധത്തെതുടർന്നാണ് അവസാന നിമിഷം ഒഴിവാക്കിയത്. ഇടപാടുകാരിൽ നിന്നും ഈ അമിത ചാർജ് പിടിക്കുന്നതിനെയും സംഘടന ശക്തമായി എതിർക്കുന്നു. പിടിച്ചത് തന്നെ 'ലോക്കർ റെന്റ്' എന്ന് കാണിച്ചു കൊാണ്. 2000, 3000 എന്നിങ്ങനെ തോന്നിയ പോലെയാണ് പലരിൽ നിന്നും പിടിച്ചിരിക്കുന്നത്. ബ്രാഞ്ചുകളിൽ ജീവനക്കാർക്കുമേൽ അമിതമായ സമ്മർദ്ദമാണ് ഇടപാടുകാരിൽ നിന്നും അത് വഴി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നമ്മുടെ ശക്തമായ പ്രതിഷേധം ഇതിന്മേൽ മാനേജ്മെന്റിനെ അറിയിച്ചു. സംഭവിച്ച പിഴവ് തിരുത്താനാവശ്യമായ നടപടികൾ കൈക്കൊണ്ട് വരികയാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഒറ്റത്തവണ ചാർജ് പിൻവലിക്കണമെന്ന് സംഘടന ജനറൽ മാനേജരോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ